# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു ചെയർപേഴ്സൺ.

**എച്ച് ആർ എം പി നമ്പർ : 4124/11/12/2024/റ്റി വി എം.**

ഹർജിക്കാരൻ : ഭരതൻ, ഈ പ്രിയ ഭവൻ, കന്യാകുളങ്ങര,
വെമ്പായം പി ഓ തിരുവനന്തപുരം

എതിർകക്ഷി : സെക്രട്ടറി മാണിക്കൽ ഗ്രാമപഞ്ചായത്ത് പിരപ്പൻകോട്

**ഉത്തരവ് തീയതി : 17-12-2025.**

ഹർജിക്കാരൻ അന്ധനും ഭാര്യ വികലാംഗയുമാണ്. ഹർജിക്കാരന്റെ വീട്ടിലേക്കുള്ള പൊതുവഴിയുടെ ഇരുവശങ്ങളിലും മതിൽകെട്ടി പൊക്കിയിരിക്കുന്നതിനാൽ തൊട്ടടുത്ത ഓടയിൽ നിന്നും വിഷ ജന്തുക്കളും മലിന ജലവും ടി വഴിയിൽ കൂടി ഒഴുകി, നടക്കാൻ പ്രയാസമാണെന്നും ടി പൊതുവഴിയുടെ അടിയിൽ കൂടി ഓട പണിത സ്ലാബ് ഇട്ടാൽ മഴവെള്ളം അതിലൂടെ ഒഴുകിപ്പോയി പ്രശ്നപരിഹാരം ആകുമെന്നും അതിനുള്ള നടപടി ഉണ്ടാകണമെന്നുമാണ് ആവലാതി.

2. ഈ പരാതിയിൽ മാണിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 16-7- 2024 തീയതിയിലെ റിപ്പോർട്ട് ഫയൽ ചെയ്തു. നേരത്തെ വയലായിരുന്ന ഈ ഭാഗം നികത്തി വീട്/കട വെച്ചതിനാൽ മഴവെള്ളം ഒലിച്ചു പോകേണ്ട തോടും ചാലുകളും നികത്തപ്പെട്ടെന്നും MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി വഴി ക്ലിയർ ചെയ്യാനുള്ള സാധ്യത പരിശോധിച്ചപ്പോൾ വെള്ളക്കെട്ട് പരിഹരിച്ചാൽ മാത്രമെ പണി നടത്താൻ അനുവദിക്കുവെന്ന് സ്ഥലവാസികൾ തർക്കം പറഞ്ഞെന്നും ആയതിനാൽ ടി സ്ഥലത്തെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനും നീർച്ചാലും ഓടയും പുനസ്ഥാപിക്കുന്നതിലേക്കും ആയി പ്രസ്തുത ഭാഗം അളന്ന് തിട്ടപ്പെടുത്താൻ നെടുമങ്ങാട് തഹസിൽദാരെ സമീപിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

3. നോട്ടീസ് അയച്ചെങ്കിലും ഹർജിക്കാരൻ ഇന്ന് കമ്മീഷൻ മുമ്പാകെ ഹാജരാകുകയോ റിപ്പോർട്ടിനെതിരെ ആക്ഷേപം സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

4. ഹർജിക്കാരന്റെ ആവലാതി വാസ്തവമാണെന്നാണ് റിപ്പോർട്ടിൽ നിന്നും മനസ്സിലാകുന്നത്. ഓടയും നീർ ചാലും പുനസ്ഥാപിച്ചാലെ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാകുകയുള്ളൂവെന്നും അതിന് ടി ഭാഗം അളന്നുതിട്ട പ്പെടുത്താൻ നെടുമങ്ങാട് തഹസീൽദാരെ സമീപിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് വെളിവാക്കുന്നു. ആ സാഹചര്യത്തിൽ മാണിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ നെടുമങ്ങാട് തഹസീൽദാർ രണ്ടാഴ്ചയ്ക്കുള്ളിൽ താലൂക്ക് സർവേയറെ നിയോഗിച്ച് പ്രസ്തുത സ്ഥലം അളന്ന് തിരിച്ച് കയ്യേറ്റം ഉണ്ടോ ഇല്ലയോ എന്ന വിവരത്തിന് പഞ്ചായത്ത് സെക്രട്ടറിക്ക് റിപ്പോർട്ട് നൽകണം. കയ്യേറ്റം ഉണ്ടെന്ന് ബോധ്യപ്പെട്ടാൽ പഞ്ചായത്ത് സെക്രട്ടറി ഹർജിക്കാരനും ഈ പ്രശ്നം ബാധിക്കുന്ന മറ്റ് ആൾക്കാർക്കും മുൻകൂട്ടി നോട്ടീസ് കൊടുത്ത് അവരെ കേട്ട ശേഷം കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ച് മൂന്നാഴ്ചയ്ക്കുള്ളിൽ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് നിർദ്ദേശിച്ചു കൊണ്ട് ഈ പരാതി കമ്മീഷൻ തീർപ്പാക്കുന്നു. ഹർജിക്കാരനും നെടുമങ്ങാട് തഹസിൽദാർക്കും മാണിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

j/ (ശരിപ്പകർപ്പ്) രജിസ്ട്രാർ.